## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 229** **10-03-2025 - ൽ മറുപടിയ്ക്ക്**

## ഫിഷറീസ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഫിഷറീസ് സ്കൂളുകളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | ഫിഷറീസ് സ്കൂളുകളുടെ സ്പോർട്സ് അടിസ്ഥാന സൗകര്യ വികസനത്തിനായി 350 ലക്ഷം രൂപയുടെ പദ്ധതി ഫിഷറീസ് വകുപ്പ് സ്പോർട്സ് കേരള ഫൗണ്ടേഷൻ വഴി നടപ്പാക്കിയിരുന്നു. ആയതു പ്രകാരം 7 തീരദേശ സ്കൂളുകളെയാണ് തെരഞ്ഞെടുത്തിരുന്നത്. തിരുവനന്തപുരം ജില്ലയിലെ വർക്കല ഗവൺമെന്റ് മോഡൽ സ്കൂൾ, അർത്തുങ്കൽ, താനൂർ, ബെയ്പൂർ, കൊയിലാണ്ടി, അഴീക്കൽ, കാഞ്ഞങ്ങാട് ജി.ആർ.ഫ്.ടി.എച്ച്.എസ് എന്നിവയാണ് പദ്ധതിക്ക് വേണ്ടി തെരഞ്ഞെടുക്കപ്പെട്ടത്. ഗ്രൗണ്ട് ഡെവലപ്മെന്റ്, വോളിബോൾ / ഫുട്ബോൾ കോർട്ട് ഫെൻസിങ്, ട്രസ് റൂഫ്, സ്പോർട്സ് എക്യുപ്മെന്റ്സ് എന്നിവയാണ് പദ്ധതി ഘടകങ്ങൾ. കൂടാതെ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ വിടവ് നികത്തുന്നതിനായി വിദ്യാതീരം പദ്ധതിയിലെ ഘടക പദ്ധതി വഴിയും ജി.ആർ.ഫ്.ടി.എച്ച്.എസ്-കൾക്ക് കമ്പ്യൂട്ടറുകൾ, ഡ്രെയിനേജ് നിർമ്മാണം, മെസ്സ് സംബന്ധമായ സൗകര്യങ്ങൾ തുടങ്ങി സ്കൂളുകൾ ആവശ്യപ്പെടുന്ന ചെറിയ തോതിലുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി തുക അനുവദിച്ചു വരുന്നു.<br><br>സംസ്ഥാന ഫിഷറീസ് വകുപ്പ് ഫണ്ട് വിനിയോഗിച്ച് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഫിഷറീസ് സ്കൂളുകളെ മാതൃകാ സ്കൂളുകളാക്കാൻ ലക്ഷ്യമിട്ട് ആരംഭിച്ച സെന്റർ ഓഫ് എക്സലൻസ് | (ബി) | ഫിഷറീസ് സ്കൂളുകളെ മാതൃകാ സ്കൂളുകളാക്കാൻ ലക്ഷ്യമിട്ട് ആരംഭിച്ച സെന്റർ ഓഫ് എക്സലൻസ് പദ്ധതി ജി.ആർ.എഫ്.ടി. & വി.എച്ച്.എസ്.എസ്., |

| | | | |
|---|---|---|---|
| | പദ്ധതി പ്രകാരം ഏതെല്ലാം സ്കൂളുകൾക്ക് ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കാമോ; | | വലിയതുറ, തിരുവനന്തപുരം, ജി.ആർ.എഫ്. ടി. & വി.എച്ച്എസ്.എസ്. താനൂർ, മലപ്പുറം, ജി.ആർ.എഫ്.ടി. & വി.എച്ച്.എസ്.എസ്. ബേപ്പൂർ, കോഴിക്കോട്, ജി.ആർ.എഫ്.ടി. & വി.എച്ച്.എസ്.എസ്. അഴീക്കൽ, കണ്ണൂർ എന്നീ 4 സ്കൂളുകളിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്കൂളുകളിൽ സ്ഥിരം കൗൺസലർമാരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്തു പ്രവർത്തിക്കുന്ന 10 ജി.ആർ. എഫ്.ടി.എച്ച്.എസ്.-കളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് അവരുടെ മാനസിക സമ്മർദവും, പരീക്ഷാ പേടിയും കുറയ്ക്കുന്നതിനും, അത് വഴി അവരുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും കുട്ടികളെ സൽസ്വഭാവികളാക്കി ഭാവിയുടെ വാഗ്ദാനങ്ങളാക്കി മാറ്റുന്നതിനും വേണ്ടി 27,000/- രൂപ പ്രതിമാസ വേതനത്തിൽ കൗൺസിലർമാരെ നിയമിച്ച് അവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിന് 2 സ്കൂളുകൾക്ക് 1 കൗൺസിലർ എന്ന നിലയിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## സംസ്ഥാന ഫിഷറീസ് വകുപ്പ് ഫണ്ട് വിനിയോഗിച്ച് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ

| ക്രമ നം. | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| | **2016-17 സാമ്പത്തിക വർഷം** | | |
| 1 | ജി. ആർ.എഫ്.ടി. & വി.എച്ച്.എസ്. എസ്. അഴീക്കൽ, കണ്ണൂർ - പുതിയ അക്കാഡമിക് ബ്ലോക്ക് നിർമ്മാണം | 217.00 | പദ്ധതി പൂർത്തീകരിച്ചു |
| 2 | ജി. ആർ.എഫ്.ടി. & വി.എച്ച്.എസ്. എസ്. വലിയതുറ, തിരുവനന്തപുരം - പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മാണം | 466.00 | പദ്ധതി പൂർത്തീകരിച്ചു |
| | **2017-18 സാമ്പത്തിക വർഷം** | | |
| 1 | ജി. ആർ.എഫ്.ടി.എച്ച്.എസ്. കാഞ്ഞങ്ങാട്, കാസർഗോഡ് - പുനരുദ്ധാരണം | 37.50 | പദ്ധതി പൂർത്തീകരിച്ചു |
| 2 | ജി. ആർ.എഫ്.ടി. & വി.എച്ച്.എസ്. എസ്., തേവര, എറണാകുളം - പുനരുദ്ധാരണം | 43.31 | പദ്ധതി പൂർത്തീകരിച്ചു |
| | **2018-19 സാമ്പത്തിക വർഷം** | | |
| 1 | ജി. ആർ.എഫ്.ടി. & വി.എച്ച്.എസ്. എസ്. വലിയതുറ, തിരുവനന്തപുരം - മികവിന്റെ കേന്ദ്രമാക്കി ഉയർത്തൽ | 476.00 | പൂർത്തീകരണ ഘട്ടത്തിൽ |
| 2 | ജി. ആർ.എഫ്.ടി. & വി.എച്ച്.എസ്. എസ്. താനൂർ, മലപ്പുറം - മികവിന്റെ കേന്ദ്രമാക്കി ഉയർത്തൽ | 1002.00 | നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു |
| 3 | ജി.ആർ.എഫ്.ടി. & വി.എച്ച്.എസ്. എസ്. ബേപ്പൂർ, കോഴിക്കോട് - മികവിന്റെ കേന്ദ്രമാക്കി ഉയർത്തൽ | 435.00 | നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു |
| 4 | ജി. ആർ.എഫ്.ടി. & വി.എച്ച്.എസ്. എസ്. | 558.00 | നിർമ്മാണ പ്രവൃത്തികൾ |

| | | | |
|---|---|---|---|
| | അഴീക്കൽ, കണ്ണൂർ - മികവിന്റെ കേന്ദ്രമാക്കി ഉയർത്തൽ | | പൂർത്തീകരിച്ചു |
| 5 | ജി. ആർ.എഫ്.ടി. & വി.എച്ച്.എസ്. എസ്. കരുനാഗപ്പള്ളി, കൊല്ലം - പുനരുദ്ധാരണം | 44.00 | പദ്ധതി പൂർത്തീകരിച്ചു |
| | **2019-20 സാമ്പത്തിക വർഷം** | | |
| 1 | ജി. ആർ.എഫ്.ടി. & വി.എച്ച്.എസ്. എസ്. അർത്തുങ്കൽ, ആലപ്പുഴ - പുനരുദ്ധാരണം | 3.30 | പദ്ധതി പൂർത്തീകരിച്ചു |
| 2 | ജി. ആർ.എഫ്.ടി. & വി.എച്ച്.എസ്. എസ്. ചാവക്കാട്, തൃശ്ശൂർ പുനരുദ്ധാരണം | 3.45 | പദ്ധതി പൂർത്തീകരിച്ചു |
| | **2021-22 സാമ്പത്തിക വർഷം** | | |
| 1 | ജി. ആർ.എഫ്.ടി.എച്ച്.എസ്. കാഞ്ഞങ്ങാട്, കാസർഗോഡ് - ഹോസ്റ്റൽ റിവയറിഗ് | 4.38 | പദ്ധതി പൂർത്തീകരിച്ചു |
| | **2022-23 സാമ്പത്തിക വർഷം** | | |
| 1 | ജി. ആർ.എഫ്.ടി. & വി.എച്ച്.എസ്. എസ്. താനൂർ, മലപ്പുറം - സ്റ്റെയർകേസ് നിർമ്മാണം | 8.23 | പദ്ധതി പൂർത്തീകരിച്ചു |

**സെക്ഷൻ ഓഫീസർ**